# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1978 12-02-2013 - ൽ മറുപടിയ്ക്ക്

## ആശ്രിത നിയമനം

| ചോദ്യം<br><br>ശ്രീ. അബ് ദുറഹിമാൻ രണ്ടത്താണി. | ഉത്തരം<br><br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സർവീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതിപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര നിയമനങ്ങൾ നൽകിയെന്ന് വ്യക്തമാക്കാമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആശ്രിതനിയമന പദ്ധതിപ്രകാരം സെക്രട്ടേറിയേറ്റ് സർവീസിലിരിക്കെ മരണപ്പെട്ട പൊതുഭരണവകുപ്പിലെ ആറ് പേരുടെയും നിയമവകുപ്പിലെ ഒരാളുടെയും ആശ്രിതർ ഉൾപ്പെടെ ഏഴുപേർക്ക് പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് ആയി നിയമനം നൽകിയിട്ടുണ്ട്. നിയമവകുപ്പിലെ ഒരാളുടെ ആശ്രിതന് ലീഗൽ അസിസ്റ്റന്റ് ആയും രണ്ട് പേരുടെ ആശ്രിതർക്ക് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരായും, ധനകാര്യ വകുപ്പിലെ ഒരാളുടെ ആശ്രിതന് ആ വകുപ്പിൽ തന്നെ അസിസ്റ്റന്റ് ആയും നിയമനങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് വകുപ്പുകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) ആശ്രിതനിയമനപദ്ധതിപ്രകാരം ജോലിക്ക് അവസരം കാത്ത് നിൽക്കുന്ന മുഴുവൻ പേർക്കും ജോലി നൽകുമെന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ ; | (ബി) സർക്കാരിൽ നിന്ന് നിയമന ഉത്തരവ് ലഭിച്ചതിന് ശേഷവും, ഒഴിവില്ലാത്തതിനാൽ വർഷങ്ങളായി നിയമനം കാത്തുനിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വിശിഷ്യ എൽ.ഡി.സി, അസിസ്റ്റന്റ് എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിനായി സർക്കാർ 6-7-2012 -ലെ G.O (M.S) 174 / 12/GAD ഉത്തരവ് പ്രകാരം 549 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 24-5-99 ലെ G.O (P) 12/99/P&ARD സർക്കാർ ഉത്തരവ് പ്രകാരം ഒഴിവില്ലാത്തതിനാൽ നിയമനം ലഭിക്കാത്തവരുടെ കേസുകൾ പൊതുഭരണ (സി.ഇ സെൽ) വകുപ്പിലാണ് കൈകാര്യം ചെയ്യേണ്ടത് എന്നതിനാൽ, 16-8-12 ലെ G.O.(M.S) 209/12/GAD. ഉത്തരവ് പ്രകാരം ടി വകുപ്പിൽ എൽ.ഡി.സി തസ്തികയിലേയ്ക്ക് രജിസ്റ്റർ ചെയ്തിരുന്ന 493 പേർക്കും, അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് രജിസ്റ്റർചെയ്തിരുന്ന 54 പേർക്കും, ലീഗൽ അസിസ്റ്റന്റ് ആയി രജിസ്റ്റർ ചെയ്തിരുന്ന 2 പേർക്കും നിയമനം നൽകുന്നതിനായി സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പുകൾക്ക് വിഭജിച്ച് നൽകിയിരുന്നു. ഇങ്ങനെ നിർണ്ണയിച്ച് നൽകിയതിന് ശേഷം മറ്റ് കാരണങ്ങളാൽ അധികമായി വന്ന സൂപ്പർന്യൂമററി തസ്തികകളിൽ 16 എണ്ണം, പൊ.ഭ (സി.ഇ. സെൽ) വകുപ്പിൽ നിന്നും, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിലേയ്ക്ക് രജിസ്റ്റർ ചെയ്തിരുന്ന 10 പേർക്കും, അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് രജിസ്റ്റർ ചെയ്തിരുന്ന |

| | |
|---|---|
| | 5 പേർക്കും, ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിലെ ഓഡിറ്റർ തസ്തികയിലേക്ക് രജിസ്റ്റർ ചെയ്ത ഒരാൾക്കും നിയമനം നൽകുന്നതിനായി സെക്രട്ടേറിയറ്റിലെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലേക്ക് ജി.ഒ (എം.എസ്.)നം.12/13/GAD. പ്രകാരം വിഭജിച്ച് നൽകുകയുണ്ടായി. വകുപ്പ് മേധാവികൾ നിയമനം കാത്തുനിൽക്കുന്ന അപേക്ഷകരുടെ വിവരങ്ങൾ സമയബന്ധിതമായി സർക്കാരിനെ അറിയിക്കാത്തതിനാൽ അവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർ നിയമനം കാത്ത് നിൽക്കുന്നുണ്ടെന്ന് വിശദമാക്കാമോ ? | (സി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.